പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1570 | 02.07.2015 ലെ മറുപടിയ്ക്ക്

# കൃഷിനാശത്തിന് നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കൃഷ്ണൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷിനാശം സംഭവിക്കുന്ന കർഷകർക്കുള്ള നഷ്ടപരിഹാരം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) ഉണ്ട്. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് ഓരോ വിളയ്ക്കും നൽകി വന്നിരുന്ന ധനസഹായം 11.06.12 ലെ സ.ഉ(എംഎസ്) നം.239/2012/ ഡിഎംഡി ഉത്തരവ് പ്രകാരം 01.04.2012 മുതൽ പ്രാബല്യത്തിൽ പുനർ നിർണ്ണയിച്ച് ഉത്തരവായിരുന്നു.<br><br>പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് അതാതുകാലത്ത് കേന്ദ്രസർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്നാണ് ധനസഹായം നൽകുന്നത്. SDRF മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-01-2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 12-09-2012-ലെ ജി.ഒ(എം.എസ്) നം. 343/2012/ഡിഎം.ഡി ഉത്തരവിന്റെ പരിധിയിൽ നിന്ന് സ. ഉ(എം.എസ്) നം. 239/2012/ഡിഎം.ഡി ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് അതിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ധനസഹായം ലഭിക്കുമായിരുന്നു. എന്നാൽ SDRF മാനദണ്ഡം കേന്ദ്ര സർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 01-03-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ(എം.എസ്) നം. 470/2013/ഡിഎം.ഡി ഉത്തരവിലും ഇതേ രീതിയിൽ തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലും 11-06-2012-ലെ സ.ഉ (എം.എസ്) നം. 239/2012/ഡിഎം.ഡി ഉത്തരവിൽ പറയുന്ന വിളകളെ ഒഴിവാക്കുന്നതു സംബന്ധിച്ച വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ഉത്തരവ് പ്രകാരം നൽകി വന്നിരുന്ന നിരക്കിലുള്ള ധനസഹായം നിലവിൽ കർഷകർക്ക് ലഭിക്കുന്നില്ല. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ ? | (ബി) | പ്രകൃതിക്ഷോഭം മൂലം കൃഷിനാശമുണ്ടായാൽ കർഷകർ നിശ്ചിത സമയമായ 10 ദിവസത്തിനകം കൃഷി ഭവനിൽ അപേക്ഷ നൽകേണ്ടതാണ്. കർഷകർ നൽകുന്ന അപേക്ഷകളും അനുബന്ധ രേഖകളും സ്വീകരിച്ച് റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരോടൊപ്പം കൃഷി വകുപ്പ് ഉദ്യോഗസ്ഥരും കൃഷി സ്ഥലം സന്ദർശിച്ച് ആവശ്യമായ പരിശോധനകൾ നടത്തി നഷ്ടപരിഹാര തുക നിശ്ചയിക്കുകയും തുക അനുവദിക്കുന്നതിനായി ക്ലെയിം പ്രിൻസിപ്പൽ കൃഷി ആഫീസിൽ സമർപ്പിക്കുകയും ചെയ്യുന്നു. റവന്യൂ വകുപ്പിൽ നിന്നും തുക അനുവദിക്കുന്ന മുറയ്ക്ക് കർഷകർക്ക് ധനസഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ